LIBRARY ARCHIVES Kerala Legislative Assembly

സഹകരണസംഘങ്ങൾ.

240. [16] ശ്രീ. പി. കെ. കുഞ്ഞച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇപ്പോൾ തിരുവിതാംകൂർ–കൊച്ചി സംസ്ഥാനത്തു് എത്ര കോവാപ്പറേറീവു് സൊസൈറ്റികൾ പ്രവർത്തിക്കുന്നുണ്ടു് ;

(ബി) അവയിൽ കയർ വ്യവസായരംഗത്തു് എത്ര ; നെയ്ത്തുരംഗത്തെത്ര ; കാർഷികരംഗത്തു് എത്ര ; പിന്നാക്കസമുദായക്കാർ സംഘടിപ്പിച്ചിട്ടുള്ള സൊസൈറ്റികൾ എത്ര ;

(സി) ഈ സൊസൈറ്റികൾക്കൊട്ടുകെ 1955ജൂൺ വരെ ഗവണ്മെൻറു് നൽകിയിട്ടുള്ള ധനസഹായം എത്ര ;

(ഡി) അതിൽ കടമായി നൽകിയിട്ടുള്ളതു് എത്ര ; മറു രീതിയിൽ സഹായമായി നൽകിയിട്ടുള്ളതെത്ര ;

(ഇ) പിന്നാക്കസമുദായത്തിൽപ്പെട്ടവർ രൂപീകരിച്ചിട്ടുള്ള സൊസൈറ്റികൾക്കു് നൽകിയിട്ടുള്ള ധനസഹായം എത്ര ?

ഉത്തരം.

(എ) ഇപ്പോൾ തിരുവിതാംകൂർ–കൊച്ചി സംസ്ഥാനത്തു് 3355 കോവാപ്പറേറീവു് സൊസൈറ്റികൾ പ്രവർത്തിക്കുന്നുണ്ടു്.

(ബി) അവയിൽ കയർ വ്യവസായ രംഗത്തു് 144–ും, നെയ്ത്തു രംഗത്തു് 200–ും കാർഷികരംഗത്തു് 23–ും ആകുന്നു. പിന്നാക്കസമുദായക്കാർ സംഘടിപ്പിച്ചിട്ടുള്ള സൊസൈറ്റികൾ 192 ആണു്.

(സി) ഈ സൊസൈറ്റികൾക്കു് ഒട്ടാകെ 1955 ജൂൺവരെ 2924192രൂപ 13 അണ 3 പൈസ ഗവണ്മെൻറു് ധനസഹായം നൽകിയിട്ടുണ്ടു്.

(ഡി) അതിൽ കടമായി നൽകിയിട്ടുള്ളതു് 23,28,920 രൂപ, മറ്റിനം 5,95,272 രൂപ 13 അണ 3 പൈസ.

(ഇ) പിന്നാക്കസമുദായത്തിൽപ്പെട്ടവർ രൂപീകരിച്ചിട്ടുള്ള സംഘങ്ങൾക്കു് അധ:കൃതസംരക്ഷക ഡിപ്പാർട്ടുമെൻറിൽ നിന്നും 6220 രൂപ ധനസഹായം നൽകിയിട്ടുണ്ടു്.

സഹകരണസംഘം.

241. [17] ശ്രീ. പി. കെ. കുഞ്ഞച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മരച്ചീനി ഗവണ്മെൻറിൽ നിന്നും വിലയ്ക്കു് എടുക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചതിനുശേഷം സംസ്ഥാനത്തു് എത്ര മരച്ചീനി സഹകരണസംഘം രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ടു് ;

(ബി) അങ്ങിനെ രജിസ്റ്റർ ചെയ്യപ്പെട്ട മരച്ചീനി സഹകരണസംഘങ്ങളിൽനിന്നു് ഇതുവരെ എത്ര ടൺ മരച്ചീനി ഗവണ്മെൻറു് വിലയ്ക്കെടുക്കുകയുണ്ടായി ;